REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-06-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ജനവിധി ഇന്ന്. വോട്ടെണ്ണൽ രാവിലെ എട്ടിന് തുടങ്ങും.
- വോട്ടെണ്ണലിന് എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ
- പിൻവലിച്ച 2,000 രൂപ നോട്ടുകളിൽ 97.82 ശതമാനവും തിരികെയെത്തിയതായി റിസർവ് ബാങ്ക്
- സംസ്ഥാനത്ത് കാലവർഷത്തിന് നേരിയ തോതിൽ ശക്തി കുറഞ്ഞു. ഇന്ന് നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത.
- കോഴിക്കോട്ട് അന്തരിച്ച ചലച്ചിത്ര- സാംസ്കാരിക പ്രവർത്തകൻ ചെലവൂർ വേണുവിന്റെ ഭൗതികശരീരം പുതിയപാലം ശ്മശാനത്തിൽ സംസ്കരിച്ചു
- ന്യൂയോർക്കിൽ ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ ശ്രീലങ്കയ്ക്കെതിരെ ദക്ഷിണാഫ്രിക്കക്ക് വിജയം.

## വാർത്തകൾ വിശദമായി

**ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ജനവിധിയിലേക്ക് ഇനി മണിക്കൂറുകൾ മാത്രം. രാജ്യമനസ് ആർക്കൊപ്പം എന്നറിയാൻ ഒന്നരമാസത്തിലേറെ നീണ്ട കാത്തിരിപ്പിന് ഇന്ന് അവസാനം. പതിനെട്ടാം ലോക്സഭയിലെ 543 അംഗങ്ങൾ ആരെന്ന് ഉച്ചയോടെ വ്യക്തമായ സൂചന ലഭിക്കും.**

**ഡെസ്ക്ക് റിപ്പോർട്ട്**

**......(വോയ്സ്)....**

എക്സിറ്റ്പോളുകളുടെ വാസ്തവം മാറ്റുരച്ചു നോക്കാൻ ഇനി അധികനേരമില്ല. രാവിലെ എട്ടിന് ആരംഭിക്കുന്ന വോട്ടെണ്ണലിന്റെ ആദ്യസൂചനകൾ മണിക്കൂറുകൾക്കകം തന്നെ പുറത്തുവരും. വോട്ടെടുപ്പ് യന്ത്രങ്ങൾ സൂക്ഷിച്ചിരിക്കുന്ന സ്ട്രോങ് റൂമുകൾ പുലർച്ചെ അഞ്ചരയോടെ തുറന്നു. റിട്ടേണിംഗ് ഓഫീസർ, സ്ഥാനാർത്ഥികൾ, ഏജന്റുമാർ, തിരഞ്ഞെടുപ്പു കമ്മീഷൻ നിരീക്ഷകർ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു ഈ നടപടി.

പതിവുപോലെ പോസ്റ്റൽ ബാലറ്റുകളാണ് ആദ്യം എണ്ണുന്നത്. അരമണിക്കൂറിനുശേഷം ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളിലെ വോട്ടുകളും എണ്ണിത്തുടങ്ങും.

ഏപ്രിൽ 19 ന് ആരംഭിച്ച് ജൂൺ ഒന്ന് വരെ നീണ്ട ഏഴ് ഘട്ടങ്ങളിലൂടെയാണ് വോട്ടെടുപ്പ് പൂർത്തീകരിച്ചത്. 64 കോടി 20 ലക്ഷം വോട്ടർമാർ സമ്മതിദാനാവകാശം വിനിയോഗിച്ചതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

ആന്ധ്രാപ്രദേശിലെയും ഒഡീഷയിലെയും നിയമസഭാ തിരഞ്ഞെടുപ്പിലെ വോട്ടെണ്ണലും ഇതോടൊപ്പം നടത്തും. വിവിധ സംസ്ഥാനങ്ങളിലെ ഉപതിരഞ്ഞെടുപ്പിലെ വോട്ടെണ്ണലും ഇതോടൊപ്പമുണ്ടാകും. കേന്ദ്രസേനയും, സംസ്ഥാന പൊലീസും, അർദ്ധസേനയും വോട്ടെണ്ണലിന് ത്രിതല സുരക്ഷ ഒരുക്കിയിട്ടുണ്ട്.

✪✪✪

സുതാര്യമായും സുരക്ഷിതമായും വോട്ടെണ്ണൽ പൂർത്തിയാക്കാൻ എല്ലാ ഒരുക്കങ്ങളും സജ്ജമാക്കിയതായി സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ തിരുവനന്തപുരത്ത് പറഞ്ഞു. വോട്ടെണ്ണൽ ഹാളിൽ കൗണ്ടിംഗ് സൂപ്പർവൈസർമാർക്കും, കൗണ്ടിംഗ് അസിസ്റ്റന്റുമാർക്കും, മൈക്രോനിരീക്ഷകർക്കും, കമ്മീഷൻ പ്രതിനിധികൾക്കും പുറമെ ഡ്യൂട്ടി ഉദ്യോഗസ്ഥർക്കും, സ്ഥാനാർത്ഥികൾക്കും, ഏജന്റുമാർക്കും മാത്രമായിരിക്കും പ്രവേശനം.

നിയമസഭാ മണ്ഡലങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും ഓരോ ഹാളിലും വോട്ടെണ്ണൽ നടത്തുക. 14 ടേബിളുകൾ ഹാളിൽ സജ്ജീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. 20 മണ്ഡലങ്ങളിലായി 194 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുണ്ടായിരുന്നത്.

✪✪✪

ആകാശവാണിയും ദൂരദർശനും തിരഞ്ഞെടുപ്പ് ഫലം യഥാസമയം ജനങ്ങളിലേക്കെത്തിക്കാൻ വിപുലമായ ഒരുക്കങ്ങൾ പൂർത്തിയാക്കിയതായി പ്രസാർഭാരതി ചെയർമാൻ നവനീത് കുമാർ സെഗൽ ന്യൂഡൽഹിയിൽ അറിയിച്ചു. 'ലോക്നിർണയ്-2024' എന്ന പേരിൽ ഇടവേളയില്ലാതെ 15 മണിക്കൂർ നീളുന്ന ഇംഗ്ലീഷ്, ഹിന്ദി പ്രക്ഷേപണം ഉണ്ടായിരിക്കും. രാവിലെ ഏഴു മുതൽ രാത്രി പത്തു വരെ ഈ പരിപാടി ലഭ്യമാണ്.

ആകാശവാണിയുടെ പ്രാദേശിക നിലയങ്ങളും വോട്ടെണ്ണലുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ വിവരങ്ങൾ ശ്രോതാക്കളിലെത്തിക്കും. വോട്ടെണ്ണലുമായി ബന്ധപ്പെട്ട പ്രത്യേക പരിപാടികളും പ്രാദേശിക നിലയങ്ങൾ പ്രക്ഷേപണം ചെയ്യും. പ്രസാർഭാരതിയുടെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലും, ഏറ്റവും പുതിയ പ്രവണതകളും ഫലങ്ങളും ലഭ്യമാണ്.

✪✪✪

ജനാധിപത്യത്തിന്റെ മഹത്വത്തെ താഴ്ത്തിക്കെട്ടാതെ കോൺഗ്രസും ഇൻഡി സഖ്യവും ഒഴിവാക്കാനാവാത്ത പരാജയം അംഗീകരിക്കാൻ തയ്യാറാവുകയാണ് വേണ്ടതെന്ന് BJP അഭിപ്രായപ്പെട്ടു. ഒരു വശത്ത് ഏറ്റവും പുതിയ സാങ്കേതികവിദ്യയും, സംവിധാനങ്ങളും ഉപയോഗിച്ച് ലോകത്തെ മികച്ച ജനാധിപത്യരാജ്യം തിരഞ്ഞെടുപ്പ് നടത്തിയപ്പോൾ, മറുവശത്ത് പ്രതിപക്ഷം എത്രത്തോളം താഴേക്കു പോയെന്ന് ജനങ്ങൾക്ക് ബോധ്യപ്പെട്ട സാഹചര്യമാണ് ഇപ്പോഴത്തേതെന്ന് അവർ പറഞ്ഞു.

തിരഞ്ഞെടുപ്പ് നടപടികളെപ്പറ്റി അടിസ്ഥാനരഹിതമായ ആരോപണങ്ങൾ കോൺഗ്രസും, സഖ്യകക്ഷികളും ഉന്നയിച്ചതായി BJP വക്താവ് സുധാൻശു ത്രിവേദി ഡൽഹിയിൽ പറഞ്ഞു. വോട്ടെണ്ണലിന് മുൻപ് രാജ്യത്ത് അസ്വസ്ഥത സൃഷ്ടിക്കാനും അവർ ശ്രമിച്ചെന്ന് ത്രിവേദി ആരോപിച്ചു. അവർ പ്രധാനമന്ത്രിയ്ക്കും BJP യ്ക്കുമെതിരെ സഭ്യേതര ഭാഷ ഉപയോഗിക്കുകയും, രാജ്യത്തിന്റെ ജനാധിപത്യ മൂല്യങ്ങളെ അപമാനിക്കുകയും ചെയ്തുവെന്നും BJP കുറ്റപ്പെടുത്തി.

✪✪✪

രാജ്യത്തെ മുഴുവൻ ആശുപത്രികളും അഗ്നി സുരക്ഷാ മാനദണ്ഡങ്ങളും പ്രോട്ടോകോളുകളും കർശനമായി പാലിക്കണമെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം നിർദേശിച്ചു. അടുത്ത കാലത്ത് ചില ആശുപത്രികളിൽ തീ പിടുത്തം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണ്

നടപടി. രോഗികളുടെയും ജീവനക്കാരുടെയും സന്ദർശകരുടെയും സുരക്ഷ അതീവപ്രാധാന്യത്തോടെ കാണണമെന്ന് മന്ത്രാലയം ആവശ്യപ്പെട്ടു.

ഷോർട് സർക്യൂട്ടും, എയർ കണ്ടീഷന്റെയും അനുബന്ധ ഉപകരണങ്ങളുടെയും തകരാറുമാണ് പലപ്പോഴും തീ പിടുത്തതിന് കാരണമാകുന്നത്. ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കാൻ പര്യാപ്തമായ അഗ്നിസുരക്ഷാ പദ്ധതികൾക്ക് എല്ലാ ആശുപത്രികളും രൂപം നൽകണമെന്ന് ആരോഗ്യ മന്ത്രാലയം നിർദേശം നൽകി.

✪✪✪

ജമ്മുകശ്മീരിലെ പുൽവാമ ജില്ലയിലെ നിഹാമയിൽ സംയുക്ത സുരക്ഷാസേന രണ്ട് ഭീകരരെ ഏറ്റുമുട്ടലിൽ വധിച്ചു. ഭീകര സാന്നിധ്യമുണ്ടെന്ന് രഹസ്യാന്വേഷണ ഏജൻസികളിൽ നിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇന്നലെ പുലർച്ചെ സേന തെരച്ചിൽ നടത്തവെയാണ് ഏറ്റുമുട്ടൽ ഉണ്ടായത്. മരിച്ച ഭീകരരുടെ വിശദാംശങ്ങളും ബന്ധങ്ങളും പരിശോധിച്ചു വരികയാണ്.

✪✪✪

പിൻവലിച്ച 2,000 രൂപ നോട്ടുകളിൽ 97.82 ശതമാനവും തിരികെയെത്തിയതായി റിസർവ് ബാങ്ക് അറിയിച്ചു. മെയ് 19 ലെ കണക്കനുസരിച്ച് 7,755 കോടി രൂപയുടെ നോട്ടുകൾ മാത്രമാണ് ശേഷിക്കുന്നത്. 2023 മെയ് 19 നായിരുന്നു നോട്ടുകൾ പിൻവലിച്ചത്. മൂന്ന് ലക്ഷത്തി 56,000 കോടി രൂപയുടെ രണ്ടായിരം രൂപ നോട്ടുകൾ വിപണിയിലുണ്ടായിരുന്നു. ഇപ്പോഴും 2,000 രൂപ നോട്ടുകൾ നിക്ഷേപിക്കാനോ, മാറ്റിയെടുക്കാനോ അവസരമുണ്ടെന്ന് റിസർവ് ബാങ്ക് ഓർമ്മിപ്പിച്ചു. 19 RBI ഓഫീസുകളിൽ പണം മാറ്റിയെടുക്കാം. ഇന്ത്യാ പോസ്റ്റ് വഴി RBI ഓഫീസുകളിലേക്ക് പണം അയക്കാനും കഴിയുമെന്ന് അറിയിപ്പിൽ പറയുന്നു.

✪✪✪

സംസ്ഥാനത്ത് കാലവർഷത്തിന് നേരിയ തോതിൽ ശക്തി കുറഞ്ഞു. ഇന്നലെ മിക്ക ജില്ലകളിലും മഴ ലഭിച്ചെങ്കിലും താരതമ്യേന കാലവർഷം ദുർബലമായിരുന്നു.

ഇന്ന് എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. നാളെ മലപ്പുറം, കോഴിക്കോട്, കണ്ണൂർ,

കാസർഗോഡ് ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. മീൻപിടുത്തക്കാർക്കും ജാഗ്രതാനിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

നാളെ ലോക പരിസ്ഥിതി ദിനം. പ്രകൃതിയെ കുറിച്ച് കൂടുതൽ അറിയാനും അതിനെ സംരംക്ഷിക്കാനുമാണ് ലോകം ജൂൺ-5 പരിസ്ഥിതി ദിനമായി ആചരിക്കുന്നത്. ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലി 1972 ൽ ദിനാചരണത്തിന് തുടക്കമിട്ടു.

വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഇക്കൊല്ലത്തെ ലോക പരിസ്ഥിതി ദിനാഘോഷ പരിപാടികൾ മന്ത്രി A.K ശശീന്ദ്രൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. വഴുതക്കാട് വനംവകുപ്പ് ആസ്ഥാനത്താണ് ചടങ്ങ്.

✪✪✪

പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് സംസ്ഥാനത്ത് ആയിരം പച്ചത്തുരുത്തുകൾ കൂടി ആരംഭിക്കും. പരിസ്ഥിതി ദിനമായ നാളെ പച്ചത്തുരുത്തുകളിൽ മരത്തൈകൾ നടും. ഹരിതകേരള മിഷന്റെ നേതൃത്വത്തിലാണ് പച്ചത്തുരുത്തുകൾ വ്യാപിപ്പിക്കുന്നത്. ഗ്രാമപഞ്ചായത്തിലും നഗരസഭയിലും ഓരോ തുരുത്തുകളാണ് വിഭാവനം ചെയ്യുന്നത്. മന്ത്രിമാരും, ജനപ്രതിനിധികളും, കളക്ടർമാരും പച്ചത്തുരുത്തുകളിൽ മരത്തൈകൾ നട്ട് പരിപാടിയുടെ ഭാഗമാകും.

തിരുവിതാംകൂർ ദേവസ്വംബോർഡ് 600 ക്ഷേത്രങ്ങളിൽ ഫലവൃക്ഷത്തൈകളും പൂജാപുഷ്പ ചെടികളും നട്ടുപിടിപ്പിയ്ക്കും. മന്ത്രി K രാധാകൃഷ്ണൻ നാളെ തിരുവനന്തപുരത്ത് പരിപാടി ഉദ്ഘാടനം ചെയ്യും.

✪✪✪

ന്യൂയോർക്കിൽ ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ ശ്രീലങ്കയ്ക്കെതിരെ ദക്ഷിണാഫ്രിക്ക ആറ് വിക്കറ്റിന്റെ വിജയം നേടി. ഗ്രൂപ്പ് D യിലെ പോരാട്ടത്തിൽ ആദ്യം ബാറ്റുചെയ്ത ശ്രീലങ്കക്ക് 77 റൺസിന് മുഴുവൻ വിക്കറ്റുകളും നഷ്ടമായി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ദക്ഷിണാഫ്രിക്ക 16.2 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറി കടന്നു.

അഫ്ഗാനിസ്ഥാൻ ഉഗാണ്ട മത്സരം രാവിലെ ആരംഭിച്ചു. ഗുയാനയിലെ പ്രൊവിഡൻസ് സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ട്വന്റി-20 ലോകകപ്പ് മത്സരങ്ങൾ ദൂരദർശൻ സംപ്രേഷണം ചെയ്യും. ദൂരദർശന്റെ ഫ്രീ ഡിഷ് പ്ലാറ്റ്ഫോമിലായിരിക്കും സംപ്രേഷണം. ഇതിനുപുറമെ പാരിസ് ഒളിമ്പിക്സിന്റേതടക്കം ഒട്ടേറെ അന്താരാഷ്ട്ര-കായിക മത്സരങ്ങളും സംപ്രേഷണം ചെയ്യാൻ കരാറായതായി പ്രസാർഭാരതി CEO ഗൗരവ് ദ്വിവേദി ന്യൂഡൽഹിയിൽ അറിയിച്ചു. ട്വന്റി-20 ലോകകപ്പിനോടനുബന്ധിച്ച പ്രത്യേക ഗാനവും പ്രസാർഭാരതി പുറത്തിറക്കി.

✪✪✪

ഫ്രഞ്ച് ഓപ്പൺ ടെന്നിസ് പുരുഷ വിഭാഗം ഡബിൾസിൽ ഇന്ത്യയുടെ രോഹൻ ബൊപ്പണ്ണ- ഓസ്ട്രേലിയയുടെ മാത്യു എബ്ഡൻ സഖ്യം ക്വാർട്ടർ ഫൈനലിൽ കടന്നു.

ക്വാർട്ടർ ഫൈനലിൽ ഇവർ ബെൽജിയത്തിന്റെ സാൻഡർ ഗില്ലെ, ജോറാൻ വിലീഗൻ സഖ്യത്തെ നേരിടും.

✪✪✪

വനിതാ ഫുട്ബോളിൽ ഇന്ന് രണ്ടാം സൗഹൃദ മത്സരത്തിൽ ഇന്ത്യൻ സീനിയർ വനിതാ ടീം ആതിഥേയരായ ഉസ്ബെക്കിസ്ഥാനെ നേരിടും. താഷ്കന്റിലെ ബുന്യോദ്കോർ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം വൈകിട്ട് 5:30 നാണ് മത്സരം.

✪✪✪

കണ്ണൂരിൽ നിന്ന് തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് പോയി മടങ്ങുകയായിരുന്ന മാങ്ങാട്ടുപറമ്പ് K.A.P ക്യാമ്പിലെ പൊലീസ് സേനാംഗം കുഴഞ്ഞു വീണു മരിച്ചു. പഞ്ചാബിലെയും മഹാരാഷ്ട്രയിലെയും തിരഞ്ഞെടുപ്പ് ജോലിക്കുശേഷം മടങ്ങിയ കോളയാട് പെരുവ ട്രൈബൽ കോളനിയിലെ A.രവിയാണ് മരിച്ചത്. ക്യാമ്പ് ഫോളോവർ കുക്ക് ആയിരുന്നു രവി. നെഞ്ചുവേദന അനുഭവപ്പെട്ടതിനെ തുടർന്ന് ലുധിയാനയിലെ ആശുപത്രിയിലായിരുന്നു അന്ത്യം. ഉച്ചയോടെ മൃതദേഹം നാട്ടിലെത്തിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

✪✪✪

ഞായറാഴ്ച വൈകിട്ട് കുളിക്കുന്നതിനിടെ എടക്കാനം പുഴയിൽ കാണാതായ യുവാവിനുവേണ്ടി തിരച്ചിൽ തുടരുന്നു. ബംഗ്ളൂരുവിൽ സോഫ്റ്റ്‌വെയർ എൻജിനീയറായിരുന്ന പാനൂർ പാത്തിപ്പാലം സ്വദേശി വിപിനാണ് ഒഴുക്കിൽപ്പെട്ടത്.

✪✪✪

കോഴിക്കോട്ട് അന്തരിച്ച ചലച്ചിത്ര- സാംസ്കാരിക പ്രവർത്തകൻ ചെലവൂർ വേണുവിന്റെ ഭൗതികശരീരം പുതിയപാലം ശ്മശാനത്തിൽ സംസ്കരിച്ചു. മന്ത്രി P.A മുഹമ്മദ് റിയാസ്, രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിലെ സുഹൃത്തുക്കൾ തുടങ്ങിയവർ അന്ത്യാഞ്ജലി അർപ്പിച്ചു. രണ്ടു മാസത്തിലേറെയായി സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു വേണു. ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിലൂടെ ലോക ക്ലാസിക് സിനിമകളെ മലയാളത്തിന് പരിചയപ്പെടുത്തിയ അദ്ദേഹം ആറ് പതിറ്റാണ്ട് സിനിമാനിരൂപണ രംഗത്തും, സമാന്തര ചലച്ചിത്ര പ്രചാരണത്തിലും സജീവമായിരുന്നു.

ജോൺ എബ്രഹാം, അരവിന്ദൻ, T.V ചന്ദ്രൻ തുടങ്ങിയവരുടെ സിനിമകൾക്ക് പിന്തുണയുമായി ഒപ്പമുണ്ടായിരുന്നു. ചലച്ചിത്ര അവാർഡ് നിർണയ സമിതി അംഗം, ടെലിവിഷൻ അവാർഡ് ജൂറി അംഗം, ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ കേരള റീജ്യണൽ വൈസ് പ്രസിഡന്റ് തുടങ്ങിയ പദവികൾ വഹിച്ചു.

ചെലവൂർ വേണുവിന്റെ നിര്യാണത്തിൽ മന്ത്രി സജി ചെറിയാൻ അനുശോചനം അറിയിച്ചു.

✪✪✪

കവിയും ഗാനരചയിതാവുമായ P. ഭാസ്കരൻ മാസ്റ്ററുടെ ജന്മശതാബ്ദി ആഘോഷം സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത് നടത്തണമെന്ന് ഗായകൻ V.T മുരളി അഭിപ്രായപ്പെട്ടു. മലയാള ഗാനശാഖയ്ക്ക് അത്രയേറെ സംഭാവന നൽകിയ സർഗ്ഗധനനാണ് P. ഭാസ്കരൻ എന്നും അദ്ദേഹം പറഞ്ഞു.

✪✪✪